# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2564      11.10.2011 ൽ മറുപടിക്ക്**

**മഴമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) മഴക്കാലത്തും റോഡുകൾ അറ്റകുറ്റപ്പണി ചെയ്യാവുന്ന ആധുനിക സംവിധാനങ്ങൾ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് കേരളത്തിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) മഴക്കാലത്ത് റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ടാറിനേക്കാൾ വേഗത്തിൽ ഉറപ്പാകുന്ന "ഷെൽമാക് പി.ആർ" പോലുള്ള പദാർത്ഥങ്ങൾ കേരളത്തിൽ ഇപ്പോൾ തന്നെ ഉപയോഗിച്ചു വരുന്നുണ്ട് |
| (ബി) റോഡുകൾ അടിയന്തരമായി റിപ്പെയർ ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കേന്ദ്രസർക്കാരിൽ നിന്നും റോഡുകള അറ്റകുറ്റപ്പണി ചെയ്യുന്നതിനായി പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അനുകൂലമായ സമീപനം ഉണ്ടായിട്ടുണ്ടോ; | (സി) കാലവർഷക്കെടുതികളിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 883.01 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം ലഭ്യമായിട്ടില്ല. |
| (ഡി) സംസ്ഥാനത്തെ നഗരസഭകളിലെ റോഡുകൾ ഒറ്റത്തവണ റിപ്പയർ ചെയ്യുന്നതിലേക്ക് ആകെ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും ഓരോ നഗരസഭയ്ക്കും എത്ര കോടി രൂപ വീതം അനുവദിച്ചുവെന്നും അറിയിക്കാമോ; | (ഡി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളുടെ അധീനതയിലുള്ള റോഡുകൾ പുനരുദ്ധരിക്കുന്നതിന് യഥാക്രമം 42.48 കോടി, 9.44 കോടി, 31.94 കോടി 34.10 കോടി, 40 കോടി എന്നീ ക്രമത്തിൽ ആകെ 157.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

ലെന്ന് അറിയിക്കാമോ;

[illegible]
തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളോ അല്ലെങ്കിൽ നഗരസഭയിലെ പ്രധാനപ്പെട്ട റോഡുകളോ ആയിരിക്കണം എന്നതാണ് മാനദണ്ഡം.

(എഫ്) സംസ്ഥാനത്തെ പ്രത്യേക കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച് ആവശ്യമായ പരീക്ഷണങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ പരീക്ഷണങ്ങൾ നടത്താൻ നടപടികൾ ഉണ്ടാകുമോ;

(എഫ്) കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ ബി.എം. ആന്റ് ബി.സി ഉപരിതലത്തോടു കൂടിയതാണ് പുതുതായി നിർമ്മിക്കുന്ന റോഡുകളിലധികവും. നിലവിലുള്ള ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി ബി.എം. ആന്റ് ബി.സി റോഡുകളാക്കി മാറ്റുന്ന തരത്തിലാണ് പുനരുദ്ധാരണ പ്രവൃത്തികൾ ആവിഷ്ക്കരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ